**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **04-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ കൃഷി വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികൾ **അനുബന്ധം-1** ആയി ചേർക്കുന്നു.<br><br>ഈ സർക്കാരിന്റെ കാലത്ത് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം-2 ആയി** ചേർക്കുന്നു.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഈ കാലയളവിൽ കാസറഗോഡ് ജില്ലയിൽ മഞ്ചേശ്വരം ബ്ലോക്കിലെ മീഞ്ച പഞ്ചായത്തിൽ സോയിൽ ടെസ്റ്റിംഗ് ക്യാമ്പയിൻ ,സോയിൽ ഹെൽത്ത് കാർഡ് വിതരണോദ്ഘാടനം കർഷകർക്കായുള്ള ക്ലാസ് എന്നിവ സംഘടിപ്പിക്കുകയും NMSA പദ്ധതിയുടെ ഭാഗമായി 500 മണ്ണ് സാമ്പിളുകൾ ശേഖരിക്കുകയും 128 കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവ്വഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (ബി) | മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതികൾ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേനയാണ് നിർവ്വഹിക്കുന്നത്. പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം** 3 ആയി ചേർക്കുന്നു.<br><br>മഞ്ചേശ്വരം , വോർക്കാടി, മീഞ്ച, മംഗൽപ്പാടി, പൈവളിഗെ, പുത്തിഗെ, എൻമകജെ, കുമ്പള എന്നീ കൃഷി ഭവനുകൾ ഉൾപ്പെടുന്നു. ജില്ലയിലെ കാർഷിക മേഖലയിലെ പ്രധാന പങ്ക് ഈ പഞ്ചായത്തുകൾ വഹിക്കുന്നു. നെല്ല്, കവുങ്ങ്, റബ്ബർ, തെങ്ങ്, കശുമാവ്, പച്ചക്കറികൾ, കിഴങ്ങ് വിളകൾ, സുഗന്ധവിളകൾ എന്നിവ ഏറ്റവും കൂടുതലായി കൃഷി ചെയ്ത് വരുന്നത് |

ഈ മേഖലയിലാണ്. സുഗന്ധ വിളകളും തോട്ടവിളകളും കിഴങ്ങ് വിളകളും വ്യാപകമായി കൃഷി ചെയ്യുന്നതിനാൽ മൂല്യവർദ്ധനവിന് വളരെയേറെ സാധ്യതയുള്ള പ്രദേശമാണ്. കൂടാതെ പൂകൃഷിയുടെയും ഫലവർഗ്ഗങ്ങളുടെയും വിസ്തൃതി കൂടി വരുന്നതായി കാണപ്പെടുന്നു.

**നിർവഹണ പുരോഗതി**

**ഞങ്ങളും കൃഷിയിലേക്ക് - കൃഷിക്കൂട്ടം**

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ഉൽപ്പാദന മേഖലയിൽ 87 കൃഷിക്കൂട്ടങ്ങളും മൂല്യവർദ്ധനവിൽ 17 കൃഷിക്കൂട്ടങ്ങളും സേവനമേഖലയിൽ നാലുമായി ആകെ 108 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.

**ഓർഗാനിക്ക് ഫാമിംഗ് – ജൈവ കാർഷിക മിഷൻ- സർട്ടിഫിക്കേഷൻ- PGS സർട്ടിഫികേകഷൻ**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 225 ഹെക്ടർ വിവിധ പദ്ധതികൾ നടപ്പിലാക്കി. വിവിധ പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ. കൃഷിയിടസന്ദർശനങ്ങളും നടത്തുകയും ജൈവക്ലസ്റ്ററുകൾ രൂപീകരിക്കുകയും ചെയ്തു ഈ മണ്ഡലത്തിൽ 367 കർഷകർക്ക് PGS സ്കോപ്പ് 1 സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്.

സ്മാർട്ട് **കൃഷി ഭവൻ**

NABARD – RIDF ട്രാഞ്ചെ 27 സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിൽ ഉൾപ്പെട്ട പുത്തിഗെ കൃഷി ഭവനിൽ സ്മാർട്ട് കൃഷി ഭവൻ നിർമ്മാണം 31.07.2023 – ന് ആരംഭിച്ചു. കൃഷി ഭവൻ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ് ഉദ്ഘാടനത്തിന് സജ്ജമാകുന്നു.

**പോഷക സമൃദ്ധി മിഷൻ**

കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം 11400 പോഷകതോട്ടങ്ങൾ ജില്ലയിൽ രൂപീകരിച്ചിട്ടുണ്ട്.

**സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ**

മഞ്ചേശ്വരം കൃഷി ഭവൻ പരിധിയിലെ പൈനാപ്പിൾ കർഷകൻ നിർമ്മിച്ച പായ്ക്ക് ഹൌസ് 2021-22 പദ്ധതിയിൽ 2 ലക്ഷം രൂപ ധനസഹായത്തോടുകൂടി നിർമ്മിച്ച യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

**ഫ്രൂട്ട് ക്ലസ്റ്റർ**

2024-25 പദ്ധതിയിൽ ജില്ലയിൽ ആകെ 7 ക്ലസ്റ്ററുകൾ അനുവദിച്ചിട്ടുണ്ട്. 12.21613 ലക്ഷം രൂപയാണ് പദ്ധതി തുക, വാഴ, റമ്പൂട്ടാൻ, പ്ലാവ്, മാവ് എന്നീ വിളകളുടെ ക്ലസ്റ്റർ ആണ് ജില്ലയിൽ നടപ്പിലാക്കുന്നത്

**<u>ചെറുധാന്യകൃഷി-</u>**

2022-2023, 2025-2026 കാലയളവിൽ വിവിധ ചെറുധാന്യങ്ങളായ കുവരക്, തിന, ബജ്റ എന്നിവ 14 ഹെക്ടറുകളിൽ കൃഷി ചെയ്യുന്നു.

**<u>ഫാം പ്ലാൻ</u> -**

2022-2023, 2025-2026 കാലയളവിൽ 280 വ്യത്യസ്തങ്ങളായ ഫാം പ്ലാനുകൾ കർഷകരുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വരുമാനം ഇരട്ടിപ്പിക്കുന്നതിനുമായി നടപ്പിലാക്കിയിട്ടുണ്ട്.

**<u>സംസ്ഥാനതല അവാർഡുകൾ</u>**

2021- സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ്- മികച്ച കർഷകനായി പുത്തിഗെ കൃഷി ഭവനിലെ ശ്രീ.ശിവാനന്ദ അർഹനായി

**<u>പച്ചക്കറി വികസന പദ്ധതി</u>**

പച്ചക്കറി കൃഷി വികസന പദ്ധതിയിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ തരിശ്ശ് നിലത്തിലെ പച്ചക്കറി കൃഷി ഘടകത്തിൽ 42 ഹെക്ടറും, മഴമറ ഘടകത്തിൽ 35 എണ്ണം മഴമറയും, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി എന്ന ഘടകത്തിൽ 6 എണ്ണവും , വിട്ട് വളപ്പിലെ പച്ചക്കറി കൃഷി 3 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റ് 6.6 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു.

**<u>വിള ആരോഗ്യ പരിപാലന പദ്ധതി</u>**

വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം മഞ്ചേശ്വരം മണ്ഡലത്തിൽ മഞ്ചേശ്വരം, കുമ്പള, വോർക്കാടി,കൃഷി ഭവനുകളിൽ ഒരോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് വീതം പ്രവർത്തിക്കുന്നുണ്ട്.

**<u>കീടരോഗബാധയും നിയന്ത്രണ പ്രവർത്തനങ്ങളും</u>**

2022-23 വർഷത്തിൽ കവുങ്ങ് കൃഷിയിൽ ബാധിച്ച ഇലപ്പുള്ളി രോഗവും, ഇലകരിച്ചിൽ രോഗവും നേരിടുന്നതിനായി MDDT വിദഗ്ധ സംഘം നൽകിയ റിപ്പോർട്ട് പ്രകാരം കൃഷി ഡയറക്ടർക്ക് വിശദമായ പ്രൊജക്ട് സമർപ്പിക്കുകയും നിർവ്വഹണത്തിനായി മഞ്ചേശ്വരം കൃഷി അസിസ്റ്റന്റ്

| | | | |
|---|---|---|---|
| | | | ഡയറക്ടർ ഓഫീസിന് 60000/-രൂപ (അറുപതിനായിരം രൂപ) രോഗ നിയന്ത്രണത്തിനായി വിനിയോഗിച്ചിട്ടുണ്ട്.<br><br>**<u>വിപണി സംവിധാനങ്ങൾ</u>**<br><br>മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ അനുവദിച്ച 4 എക്കോഷോപ്പുകൾ, 3 എ ഗ്രേഡ് ക്ലസ്റ്റർ, 8 ആഴ്ച ചന്തകൾ, 2 അർബൻ മാർക്കറ്റുകൾ , നാളിതുവരെ കർഷകർക്കും ഉപഭോക്താക്കൾക്കും ഗുണകരമായി പ്രവർത്തിച്ച് വരുന്നു.<br><br>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധം 4** ആയി ചേർക്കുന്നു.<br><br>NMSA പദ്ധതിക്ക് വേണ്ടി 150000 രൂപയും സോയിൽ ടെസ്റ്റിംഗ് ക്യാമ്പയിനു വേണ്ടി 25000 രൂപയും (1 ബ്ലോക്ക്) അനുവദിച്ചിട്ടുണ്ട്. ഇവയുടെ ഭാഗമായുള്ള സാമ്പിൾ പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം -1**

| ക്രമ നമ്പര് | പദ്ധതികള് |
|---|---|
| 1 | നെല്ല് വികസനം |
| 2 | പച്ചക്കറി വികസനം |
| 3 | പച്ചക്കറി വികസനം POL |
| 4 | വിളകളുടെ ആരോഗ്യ പരിപാലനം |
| 5 | കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ |
| 6 | കാർഷിക സേവന കേന്ദ്രവും സേവന വിതരണവും |
| 7 | വിള ഇൻഷ്വറൻസ് പദ്ധതി |
| 8 | ഓണച്ചന്ത |
| 9 | സുഗന്ധവ്യഞ്ജന വികസനം |
| 10 | സോയിൽ ഹെൽത്ത് മാനേജ്മെന്റ് |
| 11 | കൃഷി പാഠശാല |
| 12 | ഒരു കോടി ഫലവൃക്ഷത്തൈകൾ |
| 13 | ജൈവ കൃഷി |
| 14 | വകുപ്പുതല ലബോറട്ടറികളുടെ ആധുനീകരണം |
| 15 | പരമ്പരാഗത നെല്ല് |
| 16 | ഓഫീസ് ആട്ടോമേഷനും<br>ഐ റ്റി സാങ്കേതിക വിദ്യയും |
| 17 | നാളികേര വികസനം |
| 18 | വൈദ്യുതി നിരക്ക് |
| 19 | പ്രകൃതി ദുരന്തം |
| 20 | വകുപ്പിലേയും പഞ്ചായത്തുകളിലേയും ഫീൽഡു<br>ഫംഗ്ഷണറിമാർക്കുള്ള പരിശീലന സഹായം |
| 21 | സംയോജിത കൃഷിസമ്പ്രദായ സമീപനം |
| 22 | കൃഷിയിടാസൂത്രണാധിഷ്ഠിത ഉത്പാദന പരിപാടികൾ<br>ഉത്പാദനപൂർവ്വ പിന്തുണ ഉൾപ്പെടെ |
| 23 | ഉത്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ<br>പിന്തുണയ്ക്കുമായുള്ള പദ്ധതി |
| 24 | കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച്<br>വിതരണ/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി |
| 25 | വിപണി വികസനം |

| | |
|---|---|
| 26 | ഞങ്ങളും കൃഷിയിലേക്ക് |
| 27 | പയറുവർഗ്ഗങ്ങൾ |
| 28 | വിള വൈവിധ്യവത്കരണം, വിള തീവ്രത |
| 29 | ആർ.കെ.വി.വൈ.– മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠതയും |
| 30 | എസ്.എച്ച്.എം. ആർ.കെ.വി.വൈ. റാഫ്റ്റാർ |
| 31 | ഉത്പാദന ബോണസ് |
| 32 | ആർ.കെ.വി.വൈ.– മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠതയും SCP |
| 33 | ഫാം പ്ലാൻ |
| 34 | ആത്മ പദ്ധതികള് |
| 35 | കേരള അഗ്രോ ഓൺബോർഡിംഗ് |
| 36 | എസ്.എച്ച്.എം. |
| 37 | എസ്.എച്ച്.എം., ആർ.കെ.വി.വൈ. |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | |
| 1 | ബി.പി.കെ.പി. |
| 2 | ആർ.കെ.വി.വൈ. |
| 3 | സി.ഡി.ബി. |

അനുബന്ധം-2

| പദ്ധതിയുടെ പേര് | പദ്ധതി വിഭാഗം | പഞ്ചായത്ത് | നിലവിലെ സ്ഥിതി |
|---|---|---|---|
| സുറുമതോട് പുനരുദ്ധാരണം | കാസർഗോഡ് ഡെവലപ്മെൻറ് പാക്കേജ് പദ്ധതി | മഞ്ചേശ്വരം | പൂർത്തീകരിച്ചു. |
| ഹേരൂർ ചിന്നമൊഗറു നീർത്തടം | RIDF XXII പദ്ധതി | മംഗൽപാടി | പൂർത്തീകരിച്ചു. |
| സുവർണ്ണഗിരി തോട് പുനരുജ്ജീവനം | ജില്ലാപഞ്ചായത്ത് പദ്ധതി | മംഗൽപാടി | പൂർത്തീകരിച്ചു. |
| ബമ്പ്രാണപേട്ട കുളംനവീകരണം | ജില്ലാപഞ്ചായത്ത് പദ്ധതി | കുമ്പള | പൂർത്തീകരിച്ചു. |
| അനോടി പള്ളം നവീകരണം | HAL പദ്ധതി | പുത്തിഗെ | പൂർത്തീകരിച്ചു. |

**അനുബന്ധം-3**

| | | | |
|---|---|---|---|
| ക്രമ നമ്പര് | പദ്ധതികള് | അനുവദിച്ച തുക ( രൂപയിൽ ) (2021-2025) | സാമ്പത്തിക നേട്ടം ( രൂപയിൽ ) (2021-2025) |
| 1 | നെല്ല് വികസനം | 5183794 | 5183794 |
| 2 | പച്ചക്കറി വികസനം | 14981524 | 14981524 |
| 3 | പച്ചക്കറി വികസനം POL | 15000 | 15000 |
| 4 | വിളകളുടെ ആരോഗ്യ പരിപാലനം | 1707357 | 1707357 |
| 5 | കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ | 913537 | 913537 |
| 6 | കാർഷിക സേവന കേന്ദ്രവും സേവന വിതരണവും | 1799236 | 1799236 |
| 7 | വിള ഇൻഷ്വറൻസ് പദ്ധതി | 1170050 | 1170050 |
| 8 | ഓണച്ചന്ത | 786603 | 786603 |
| 9 | സുഗന്ധവ്യഞ്ജന വികസനം | 633168 | 633168 |
| 10 | സോയിൽ ഹെൽത്ത് മാനേജ്മെന്റ് | 1025470 | 1025470 |
| 11 | കൃഷി പാഠശാല | 159200 | 159200 |
| 12 | ഒരു കോടി ഫലവൃക്ഷത്തൈകൾ | 4150350 | 4150350 |
| 13 | ജൈവ കൃഷി | 511850 | 511850 |
| 14 | വകുപ്പുതല ലബോറട്ടറികളുടെ ആധുനീകരണം | 54169 | 54169 |
| 15 | പരമ്പരാഗത നെല്ല് | 50000 | 50000 |
| 16 | ഓഫീസ് ആട്ടോമേഷനും ഐ റ്റി സാങ്കേതിക | 456985 | 456985 |

| | | | |
|---|---|---|---|
| | വിദ്യയും | | |
| 17 | നാളികേര വികസനം | 11945944 | 11945944 |
| 18 | വൈദ്യുതി നിരക്ക് | 26489453 | 26489453 |
| 19 | പ്രകൃതി ദുരന്തം | 141472 | 141472 |
| 20 | വകുപ്പിലേയും പഞ്ചായത്തുകളിലേയും ഫീൽഡു ഫംഗ്ഷണറിമാർക്കുള്ള പരിശീലന സഹായം | 12600 | 12600 |
| 21 | സംയോജിത കൃഷിസമ്പ്രദായ സമീപനം | 100000 | 100000 |
| 22 | കൃഷിയിടാസൂത്രണാധിഷ്ഠിത ഉത്പാദന പരിപാടികൾ ഉത്പാദനപൂർവ്വ പിന്തുണ ഉൾപ്പെടെ | 962587 | 962587 |
| 23 | ഉത്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യാ പിന്തുണയ്ക്കുമായുള്ള പദ്ധതി | 107140 | 107140 |
| 24 | കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ/ മൂല്യശൃംഖല വികസനത്തിനായുള്ള പദ്ധതി | 1225000 | 1225000 |
| 25 | വിപണി വികസനം | 654738 | 654738 |
| 26 | ഞങ്ങളും കൃഷിയിലേക്ക് | 44800 | 44800 |
| 27 | പയറുവർഗ്ഗങ്ങൾ | 16000 | 16000 |
| 28 | വിള വൈവിധ്യവത്കരണം, വിള തീവ്രത | 135000 | 135000 |
| 29 | ആർ.കെ.വി.വൈ.- മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠതയും | 98500 | 98500 |
| 30 | എസ്.എച്ച്.എം. ആർ.കെ.വി.വൈ. റാഫ്റ്റാർ | 323251 | 323251 |

| | | | |
|---|---|---|---|
| 31 | ഉത്പാദന ബോണസ് | 166280 | 166280 |
| 32 | ആർ.കെ.വി.വൈ.– മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠതയും SCP | 11600 | 11600 |
| 33 | ഫാം പ്ലാൻ | 728490 | 728490 |
| 34 | ആത്മ പദ്ധതികള് | 1397414 | 1397414 |
| 35 | കേരള അഗ്രോ ഓൺബോർഡിംഗ് | 8142 | 8142 |
| 36 | എസ്.എച്ച്.എം. | 4827791 | 4827791 |
| 37 | എസ്.എച്ച്.എം., ആർ.കെ.വി.വൈ. | 454700 | 454700 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | |
| 1 | ബി.പി.കെ.പി. | 3751960 | 3751960 |
| 2 | ആർ.കെ.വി.വൈ. | 1084816 | 1084816 |
| 3 | സി.ഡി.ബി. | 62300 | 62300 |
| Grand Total | | **88348271** | **88348271** |

**അനുബന്ധം -4**

| പദ്ധതിയുടെ പേര് | അനുവദിച്ച തുക | നിര്വ്വഹണ ഏജന്സി | നിര്വ്വഹണ പുരോഗതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| സുറുമതോട് പുനരുദ്ധാരണം | 42 ലക്ഷം | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കാസറഗോഡ്. | 35.72 ലക്ഷം | 15.11.2023 ന് പൂര്ത്തീകരിച്ചു. |
| ഹേരൂര് ചിന്നമൊഗറു നീര്ത്തടം | 60 ലക്ഷം | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കാസറഗോഡ്. | 58.11 ലക്ഷം | 30.09.2023 ന് പൂര്ത്തീകരിച്ചു. |
| സുവര്ണ്ണഗിരി തോട് പുനരുജ്ജീവനം | 10 ലക്ഷം | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കാസറഗോഡ്. | 6.28 ലക്ഷം | 06.05.2023 ന് പൂര്ത്തീകരിച്ചു. |
| ബമ്പ്രാണപേട്ട കുളംനവീകരണം | 22.60 ലക്ഷം | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കാസറഗോഡ്. | 17.68 ലക്ഷം | 07.07.2023 ന് പൂര്ത്തീകരിച്ചു. |
| അനോടി പള്ളം നവീകരണം | 48.99 ലക്ഷം | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കാസറഗോഡ്. | 44.84 ലക്ഷം | 18.04.2022 ന് പൂര്ത്തീകരിച്ചു. |